"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് — അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.രാജേഷ് ബാബു.ആർ-ന് കെ.എസ്.&എസ്.എസ്.ആർ (KS&SSR) ഭാഗം II ചട്ടം 28(എ) പ്രകാരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ)വകുപ്പ്**

സ.ഉ.(സാധാ) നം.107/2026/POWER    തീയതി,തിരുവനന്തപുരം, 11-08-2026

---

പരാമർശം:-

1. 26/03/2026 തിയതിയിലെ സ.ഉ.(സാധാ) നം.67/2026/POWER നമ്പർ ഉത്തരവ്.
2. 02-05-2026ലെ സ.ഉ.(സാധാ) നം.74/2026/POWER നമ്പർ ഉത്തരവ്.
3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ (ഇൻ ചാർജ്ജ്) 19.06.2026ലെ സിഇഐ/ 585/2026/ഇ2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറായിരുന്ന ശ്രീ വിനോദ്.ജി 30.04.2026-ൽ വിരമിച്ചതിനെത്തുടർന്ന് 01.05.2026 മുതൽ പ്രസ്തുത തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. നിലവിൽ അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറായ ശ്രീ.രാജേഷ് ബാബു.ആർ-ന് പരാമർശം(2) പ്രകാരം ഈ തസ്തികയുടെ പൂർണ്ണ അധിക ചുമതല (Full Additional Charge) നൽകി ഉത്തരവായിട്ടുണ്ട്. ശ്രീ. രാജേഷ് ബാബു.ആർ തന്റെ അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിലെ നിരീക്ഷണകാലം (Probation) പരാമർശം (1) ഉത്തരവ് പ്രകാരം വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.

2) ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ Special Rules പ്രകാരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിലേക്കുള്ള നിയമനം അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ കാറ്റഗറിയിൽ നിന്നുമുള്ള സ്ഥാനക്കയറ്റം (Promotion) വഴിയാണ്. നിലവിലെ സാഹചര്യത്തിൽ ശ്രീ.രാജേഷ് ബാബു.ആർ ഫീഡർ കാറ്റഗറിയിൽ തുടരുന്നുണ്ട്. ഈ സാഹചര്യത്തിൽ, അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറായ ശ്രീ.രാജേഷ് ബാബു.ആർ.നെ കെ.എസ്.&എസ്.എസ്.ആർ (KS&SSR) ചട്ടം 28(എ) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിലേക്ക് നിയമിച്ച് ഉത്തരവാകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ (ഇൻ ചാർജ്ജ്) ശിപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറായിരുന്ന ശ്രീ. വിനോദ്.ജി 30.04.2026-ൽ വിരമിച്ചതിനെത്തുടർന്ന് ഒഴിവുവന്ന ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിലേക്ക്, നിലവിൽ അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറായി സേവനമനുഷ്ഠിക്കുന്ന **ശ്രീ.രാജേഷ് ബാബു.ആർ**-നെ

കെ.എസ്.&എസ്.എസ്.ആർ (KS&SSR) ഭാഗം II, ചട്ടം 28 (എ) പ്രകാരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL P ANTONY
അഡിഷണൽ സെക്രട്ടറി

1. ശ്രീ.രാജേഷ് ബാബു.ആർ, അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, തിരുവനന്തപുരം).
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
5. ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Digitally signed by
Manoj S
Date: 11-08-2026
16:23:36
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.വൈദ്യുതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്